ജനങ്ങളുടെ സഹായസഹകരണം കൂടി ഉണ്ടായാൽ കഴിയുന്നതും വേഗം ഈ പരാതികൾ അവസാനിപ്പിക്കാൻ സാധിക്കുമെന്നു വിചാരിക്കുന്നു. ഈ ഉപധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. നലേരി കെ. കൃഷ്ണൻ: ഫ്ളയിംഗ് സ്ക്വാഡ് പ്രവർത്തനം തുടങ്ങിയതിനുശേഷം മദ്യനിരോധനം സംബന്ധിച്ചു വല്ലതെങ്കിലും improvement ഉണ്ടായിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം: പല സ്ഥലങ്ങളിലും വാററ നിറുത്തിയിട്ടുണ്ട്.

The question that a supplementary sum not exceeding Rs. 9,000 be granted under Demand No. III-8. State Excise Duties (iii) Prohibition—T. A., was put and carried.

The grant was made.

*Minister of Health* (SHRI A. A. RAHIM): Sir, I move for a supplementary grant of Rs. 10,000 under Demand III—8. State Excise Duties (b) (iii) Prohibition–Contingencies.

*Home Minister* (SHRI A. J. JOHN): I second it.

ശ്രീ. എ. എ. റഹിം: ഇതും ഈ റീഓർഗനൈസേഷൻ മുഖേന വന്നിട്ടുള്ള അധികച്ചെലവിനു വേണ്ടിയുള്ളതാണ്. ഇതു പാസ്സാക്കിത്തരണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

The question that a supplementary sum not exceeding Rs. 10,000 be granted under Demand No. III. State Excise Duties (b) (iii) Prohibition—Contingencies, was put and carried.

The grant was made.

**Demand IX—25. General Administration.**

*Chief Minister* (SHRI PANAMPILLI GOVINDA MENON): Sir, I move for a supplementary allotment of Rs. 1,08,500 Under Demand No. IX—25. General Administration (D) Secretariat and Headquarters Establishment—(a) Civil Secretariat(i) Government Secretariat–Pay of Establishment.

*Home Minister* (Shri A. J. JOHN): I second the motion

SHRI PANAMPILLI GOVINDA MENON: Sir, this item is entered as serial No. 12 in the printed statement circulated to the hon. Members.

The original grant under this head, as will be seen from page 64 of the Budget was Rs. 4,50,100. The additional amount is required mainly on account of pay revision. The Pay Commission Report had to be implemented with retrospective effect from 1st April 1955. It is also due to the

ഇരിക്കവേ മറവശത്തു് ഇന്നധികാരത്തിലിരിക്കുന്ന ആളുകളെ മന്ത്രിസഭയ്ക്കു പുറത്തു് തള്ളിക്കളയണമെന്നല്ലാം വേണ്ടില്ല അവരുടെ അഴിമതികൾ ഇല്ലായ്മ ചെയ്യാൻ കഴിഞ്ഞാൽമതി എന്നുള്ള വിചാരത്തോടുകൂടി ഈ സഭയുടെ പുറത്തു് കുറേ ആളുകൾ നില്ക്കുന്നുണ്ടു് എന്ന വസ്തുതയും നാം ഈ അവസരത്തിൽ ഓർക്കേണ്ടതാണു്. അങ്ങനെ ഉദ്യോഗസ്ഥന്മാരുടെ കാര്യക്ഷമത വർദ്ധിച്ചില്ലെന്നു മാത്രമല്ല സർക്കാരുദ്യോഗസ്ഥന്മാരുടെ പരാതികൾ തീർന്നിട്ടുമില്ല. രാജ്യത്തിന്റെ പൊലീസ് ഭരണം മേറ്റൽ പാതാളംവരെ താഴ്ന്നിട്ടുണ്ടുതാനും. അങ്ങനെ നോക്കുമ്പോൾ രാജ്യത്തെ കൂടുതൽ നശിപ്പിക്കാനുള്ള ഒരു അഭ്യർത്ഥനയായിട്ടു മാത്രമേ ഈ ധനാഭ്യർത്ഥനയെ കണക്കാക്കാൻ ഒക്കുകയുള്ളു. ഈ ധനാഭ്യർത്ഥനയെ ഈ സഭ എതിർത്തില്ലെങ്കിൽ അതു് നാം ഭാവിതലമുറയോടു ചെയ്യുന്ന ഭയങ്കരമായ ഒരപരാധമായിരിക്കുമെന്നോർത്തുകൊണ്ടു് ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു.

<u>ശ്രീ. ജെ. എ. ഭട്ട്</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഈ ഉപധനാഭ്യർത്ഥനയെ എതിർത്തുകൊണ്ടു് ബഹുമാനപ്പെട്ട ചില മെമ്പറന്മാർ പറഞ്ഞതിൽനിന്നും എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞതു്, ഈ ആവശ്യത്തിലേയ്ക്കു് ചില ആളുകളെ നിയമിച്ചു എന്നുള്ളതുകൊണ്ടുമാത്രമാണു് അവർ ഇതിനെ എതിർക്കുന്നതു് എന്നാണു്. അല്ലാതെ, ഈ ഉദ്യോഗസ്ഥന്മാരുടെ ആവശ്യത്തെ സംബന്ധിച്ചോ, പ്രയോജനത്തെ സംബന്ധിച്ചോ, അവർ എന്തിനുവേണ്ടി നിയമിക്കപ്പെട്ടിരിക്കുന്നു എന്നുള്ളതിനെ സംബന്ധിച്ചോ ഈ മെമ്പറന്മാർ ആരും തന്നെ ചൂണ്ടിക്കാണിക്കുകയുണ്ടായില്ല.

<u>ശ്രീ. പി. വി. തോമസ്</u>: അതിനെ സംബന്ധിച്ചുള്ള ഒരു വിശദീകരണം ചോദിച്ചാലല്ലേ, മെമ്പറന്മാർക്കു് എന്തു പറയുവാനൊക്കൂ?

<u>ശ്രീ. ജെ. എ. ഭട്ട്</u>: ഒരു പേ കമ്മീഷനെ നിയമിച്ചതുകാരണം അവർക്കു് ശമ്പളവും അലവൻസും മറ്റും കൂടുതലായി കൊടുക്കേണ്ടിവന്നു. അങ്ങനെ കൂടുതൽ കൊടുത്ത തുക അനുവദിച്ചുതരണമെന്നാണു് ബഹുമാനപ്പെട്ട മന്ത്രി ഈ ധനാഭ്യർത്ഥന അവതരിപ്പിച്ചുകൊണ്ടു ആവശ്യപ്പെട്ടതു്. എന്നാൽ, ഈ പ്രസ്താവനയ്ക്കുശേഷം സംസാരിച്ച ചില സ്നേഹിതന്മാർ ചില പുതിയ തസ്തികകൾ കൂടുതലായി ഉണ്ടാക്കിയെന്നും, കൂടുതൽ ഉദ്യോഗസ്ഥന്മാരെ നിയമിച്ചുവെന്നും മറ്റുമുള്ള ആരോപണങ്ങളാണു് കൊണ്ടുവന്നതു്. ഇപ്പോൾ, ഒന്നാം പഞ്ചവത്സരപദ്ധതി നടന്നുകൊണ്ടിരിക്കുന്ന കാലമാണു്. അതവസാനിച്ചു് രണ്ടാം പഞ്ചവത്സരപദ്ധതി തുടങ്ങാൻ പോവുകയാണു്. അങ്ങനെയുള്ള ഒരു സന്ദർഭത്തിൽ ഈ ഗവൺമെന്റിന്റെ നിത്യനിദാനജോലികൾ നിർവ്വഹിക്കുന്നതിലേയ്ക്കു് ആവശ്യമുള്ള ഉദ്യോഗസ്ഥന്മാർക്കുപുറമെ കൂടുതലുദ്യോഗസ്ഥന്മാരെയും നിയമിക്കേണ്ട ആവശ്യം ഉണ്ടാകും. അതുകൊണ്ടു് [illegible] ഈ ധനാഭ്യർത്ഥനയെ എതിർക്കുകയല്ല അനുകൂലിക്കുകയാണു് വേണ്ടതു്.

<u>ശ്രീ. പി. കെ. കുഞ്ഞച്ചൻ</u>: സർ, ഞാൻ ഈ ഡിമാൻറിനെ എതിർക്കുന്നു. സെക്രട്ടേറിയറ്റിലെ ഫയലുകളിൽ വരുന്ന കാലതാമസത്തെ സംബന്ധിച്ചിടത്തോളം ഇവിടെ പ്രത്യേകിച്ചൊന്നും പറഞ്ഞറിയിക്കേണ്ടയാവശ്യമില്ല. ഇന്നു പല സെക്ഷനുകളിലും ഉള്ള ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനങ്ങളെപ്പറ്റിയും പുതിയ പുതിയ ഉദ്യോഗങ്ങൾ സൃഷ്ടി



LIBRARY ARCHIVES Kerala Legislative Assembly